കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി8-311/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ.
തീയതി : 16.05.2019
ഫോൺ : 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി8-311/19 തീയതി : 16.05.2018

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.07.2017 മുതൽ 03.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി. ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 08.03.2019 മുതൽ 21.03.2019 വരെ | ശ്രീമതി. സുജ. എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജി. ചന്ദ്രശേഖരൻ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ. വി, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ലേഖ. പി. കെ, ഓഡിറ്റർ (11-03-2019 മുതൽ) |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. സുവർണ്ണ പ്രതാപൻ | 01.04.2017 മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. വി. ജെ. പോൾ | 01.04.2017 മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. വി. കെ. വിശ്വനാഥൻ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ശ്രീമതി. ഗീതാ ബാബു | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. പി. ആർ. രതീഷ് കുമാർ | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീമതി. ഷിബി ഓമനക്കുട്ടൻ | 01.04.2017മുതൽ 31.03.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. ജഗന്നാഥൻ. ബി | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ഐസക് സാം | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. നജ്‌ല നബീസത്ത് | 01.04.2017 മുതൽ 31.03.2018വരെ |
| 5 | വി.ഇ.ഒ (പറവൂർ) | ശ്രീ. സജിത് രാജ്. എൻ<br>ശ്രീ. സാംസൺ എസ്. | 01.04.2017മുതൽ 01.11.2017 വരെ<br>02.11.2017മുതൽ 31.03.2018 വരെ |
| | വി.ഇ.ഒ (കളർകോട്) | ശ്രീ. അഭിലാഷ്.എം.എ | 01.04.2017മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. സുലേഖ റാണി | 01.04.2017മുതൽ 31.03.2018 വരെ |
| 7 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. പ്രശാന്തൻ | 01.04.2017മുതൽ 31.03.2018 വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ഷൈന ഹാഷിം | 01.04.2017 മുതൽ 31.03.2018വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ. ജി.ഹരികുമാർ<br>ശ്രീമതി. ഹഫ്സ ബീവി.എച്ച് | 01.04.2017 മുതൽ 31.01.2018വരെ<br>01.02.2018 മുതൽ 31.03.2018 വരെ |
| 10 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. സിനി. എസ്.നായർ<br>ശ്രീമതി. സെൽമാ ബീവി | 01.04.2017 മുതൽ 28-11-2017വരെ<br>29.11.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ ന. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| 13 | 2-1 | കെട്ടിടനികുതി കുടിശ്ശിക ഈടാക്കൽ നടപടി ത്വരിതപ്പെടുത്തണം. |
| 14 | 2-2 | ഡി& ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 15 | 2-3 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. |
| 16 | 2-4 | ടെണ്ടർ ഫീസ് തിരികെ വാങ്ങിയില്ല. |
| 17 | 3-1 | സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാവുന്നു. |
| 18 | 3-2 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം നൽകൽ - പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കിലും അധിക തുക സിഡ്കോയ്ക്ക് നൽകി. |
| 19 | 3-3 | ഖരമാലിന്യ നിർമ്മാർജ്ജനം-- പ്രവർത്തനം മന്ദഗതിയിൽ |
| 20 | 3-4 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ |
| 21 | 3-5 | ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ --യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നില്ല. |
| 22 | 3-6 | തൊഴിലുറപ്പ് പദ്ധതി-- കയർഭൂവസ്ത്രം വിരിക്കൽ-- കയർ വികസന വകുപ്പ് ആവശ്യമായ കയർ ലഭ്യമാക്കിയില്ല. |
| 23 | 3-7 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം |
| 24 | 3-8 | മരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ |
| 25 | 3-9 | ഭൗതികസാഹചര്യം ഒരുക്കുന്നതിലെ കാലതാമസം -ബ്ലോക്ക് പഞ്ചായത്ത് നൽകിയ കട്ടയും ടൈലും ഉണ്ടാക്കുന്ന മെഷ്യൻ നിഷ്ക്രിയ ആസ്തിയായി. |
| 26 | 3-10 | ദിവസവേതന ജീവനക്കാരുടെ നിയമനം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 27 | 3-11 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| 28 | 3-12 | സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കാത്തത് സംബന്ധിച്ച്. |
| 29 | 3-13 | തെരുവു വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ. |

| | | |
|---|---|---|
| 30 | 4-1 മുതൽ 4-10 വരെ | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | അനുബന്ധം - 1 | |
| 32 | അനുബന്ധം - 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 136602500 | 154825590 |
| വാർഷിക കണക്ക് പ്രകാരം | 63952286 | 67054492 |

പഞ്ചായത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് ബജറ്റ് തയ്യാറാക്കിയത് എന്ന് അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ ഘടക സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല. യോഗം മിനിട്സ് ചെയ്തിട്ടില്ല എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. നോൺ പ്ലാൻ എസ്റ്റിമേറ്റും, പദ്ധതിയും സംയോജിപ്പിച്ചാണ് ബജറ്റ് തയ്യാറാക്കിയത് എന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥവരവ്-ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 21.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(36)/2018/ 6.7.18 | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28485256 |
| വരവ് | 63952286 |
| ആകെ | 92437542 |
| ചെലവ് | 67054492 |
| നീക്കിയിരിപ്പ് | 25383050 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 15976000 | 15976000 | 14081409 | 1894591 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2447504 | 2447504 | 2443116 | 4388 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 137944 | 137944 | 137944 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 4866000 | 4866000 | 4853137 | 12863 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3541000 | 3541000 | 3541000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7844380 | 7844380 | 7844380 | 0 |
| കെ.എൽ.എസ്.ജി. ഡി പി | 0 | 179097 | 179097 | 164000 | 15097 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 6801936 | 10768842 | 17570778 | 17715904 | _(145126) |
| എസ്.ബി.ഐ ലിറ്ററസി | 22496 | 864 | 23360 | 0 | 23360 |
| തനതുഫണ്ട്. | 20957974 | 14912492 | 35870466 | 13224046 | 22646420 |
| എം.എൻ.ആർ.ഇ. ജി. എസ് | 210556 | 1190449 | 1401005 | 766785 | 634220 |
| എസ്.ബി.ഐ(Total Sanitation) | 71629 | 1227926 | 1299555 | 23302 | 1276253 |
| ദുരിതാശ്വാസം. | 2369 | 91 | 2460 | 0 | 2460 |
| കറന്റ് അക്കൗണ്ട് | 54360 | 649790 | 704150 | 649 | 703501 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 39045220 | 39045220 | 39045220 | 0 |
| സംയുക്ത അക്കൗണ്ട്. | 12 | 1491228 | 1491240 | 1370376 | 120864 |
| ക്യാഷ് (തനത്) | 363924 | 121098 | 485022 | 363924 | 121098 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 122 | 52332667 | 103 | 38032226 | - | 19 | 84% |

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 210556 | 1190449 | 1401005 | 766785 | 634220 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 42378605 | 42378605 | 42378605 | - |
| ആകെ | 210556 | 43569054 | 43779610 | 43145390 | 634220 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 113520 | 239 |
| കർഷകതൊഴിലാളി പെൻഷൻ | 8257000 | 756 |
| വിധവാപെൻഷൻ | 9377400 | 838 |
| വാർദ്ധക്യകാലപെൻഷൻ | 16025000 | 1384 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4316300 | 384 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 956000 | 121 |
| ആകെ | 39045220 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-03-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46181/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെപ്പറയുന്ന പോരായ്മകൾ കാണുന്നു.

1. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ഓരോ സെക്ഷനും ലഭിക്കുന്ന അപേക്ഷകൾ സേവനാവകാശനിയമപ്രകാരമുള്ള കാലയളവിനുള്ളിൽ ഡിസ്പോസ് ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തത്തക്ക വിധം പെന്റണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സൂചികസോഫ്റ്റ്‌വെയർ വഴിയല്ല ഫയൽ നീക്കം നടക്കുന്നത് എന്നതിനാൽ സൂചികയിൽ നിന്നും ഈ വിവരം ലഭിക്കുന്നില്ല. തപാലുകളുടെ തീർപ്പ് സംബന്ധിച്ച് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.
2. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്റർ ശരിയായരീതിയിൽ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് സമാഹരിക്കുന്ന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം കാണിക്കുന്നില്ല. രജിസ്റ്ററിൽ നിന്നും ഒരിനം സാധനം എത്ര വിതരണം ചെയ്തു എന്നും ബാക്കി എത്ര എന്നുമുള്ള വിവരം ലഭിക്കുന്നില്ല ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-02-2019 | 1/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-06-2007 | 1999-2000 മുതൽ 2006-07 വരെ | 23-7-2007 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

RP 31 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ ലഭിച്ച തുകയും, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയും രേഖപ്പെടുത്തിയത് കൃത്യമായല്ല. വാർഷിക കണക്കിൽ പ്രതിപാദിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

കെ.എസ്.എ-എ.എൽ.പി-ജി.എ.4- 1126(36)/18, തീയതി – 06.07.2018 പ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടനികുതി കുടിശ്ശിക ഈടാക്കൽ നടപടി ത്വരിതപ്പെടുത്തണം.

വാർഷിക കണക്കുപ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതി ഇനത്തിൽ 14,45,363/- രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതി ഇനത്തിൽ 16,49,510/- രൂപയും കുടിശ്ശികയുണ്ട്. എക്സിറ്റ് മീറ്റിംഗ് ചർച്ചയിൽ പഞ്ചായത്തിന്റെ വ്യവസായ സോണിലുള്ള കെട്ടിടങ്ങളാണ് നികുതി അടക്കുവാൻ വിമുഖതകാട്ടുന്നത് എന്നും നിലവിൽ ഇവർ സ്റ്റേ വാങ്ങിയിട്ടുള്ളതിനാലാണ് നികുതി ഈടാക്കാത്തത് എന്നും അറിയിച്ചു. സ്റ്റേ ഒഴിവാക്കി നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 ഡി& ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവ്യത്തിക്കുന്നു

പഞ്ചായത്തിന്റെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ, കള്ളു ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല.
2. പഞ്ചായത്തിന്റെ ധനസഹായത്തോടെ 4 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.
3. സ്ഥാപനത്തിന്റെ കെട്ടിട നമ്പർ, ലൈസൻസ് എടുക്കുന്നത് ഏത് ആവശ്യത്തിന് തുടങ്ങിയ വിവരങ്ങളൊന്നും ഇതു സംബന്ധിച്ച രജിസ്റ്ററിൽ എഴുതുന്നില്ല. ഇതുമൂലം ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് പരിശോധിക്കുന്നതിന് സാധിക്കാതെ വരുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവർക്കെതിരെ ചട്ടലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

2017-18 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. 2017-18 സാമ്പത്തിക വർഷത്തിൽ 8 കരാറുകാർ പഞ്ചായത്തിലെ മരാമത്ത് ജോലികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 2-4 ടെണ്ടർ ഫീസ് തിരികെ വാങ്ങിയില്ല.

2017-18 വർഷം വിവിധ പ്രോജക്ടുകൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ ഫാറ വില ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. ഈ തുക പഞ്ചായത്ത് ഡിമാന്റ് ചെയ്യുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കും തുടർന്ന് പഞ്ചായത്ത് തനത് ഫണ്ടിലേക്കും ലഭിക്കുന്നു. പഞ്ചായത്തിന് അവകാശപ്പെട്ടതും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 2017-18 വർഷം ക്രഡിറ്റ് ചെയ്യപ്പെട്ടതുമായ 68980/- രൂപയും മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാവുന്നു.

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ 2017-18 വർഷം 19.27 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു.

2017-18 സാമ്പത്തിക വർഷാവസാനം പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | 1894591 |
| വികസനഫണ്ട് (എസ്.സി. പി) | 4388 |
| വികസനഫണ്ട് (റ്റി.സി. പി) | 0 |
| സി.എഫ്.സി | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 12863 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 |
| ലോകബാങ്ക് ധനസഹായം. | 15097 |
| ആകെ | 1926939 |

2017-18 വർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് നാളിതുവരെ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥിരംസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം നൽകൽ - പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കിലും അധിക തുക സിഡ്കോയ്ക്ക് നൽകി.

“മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം നൽകൽ” – എന്ന പ്രോജക്റ്റിനായി സിഡ്കോയുടെ പ്രഫോർമ ഇൻവോയ്സ് പ്രകാരം സ്റ്റീൽ ടേബിൾ 30"x16"x30" 2500/- രൂപയ്ക്കും, steel chair 3/4" round CR tube powder coated frame 1406/- രൂപയ്ക്കും നൽകാമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 06-11-2017 ലെ iv(1)-ാം നമ്പർ തീരുമാന പ്രകാരം ഇതേ വിലയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫർണീച്ചറുകൾ സപ്ലൈ ചെയ്ത ബിൽ പ്രകാരം ഇതേ സ്പെസിഫിക്കേഷനിലുള്ള മേശയ്ക്ക് 2760/- രൂപയും, കസേരയ്ക്ക് 1477.28 രൂപയും ഈടാക്കിയതായി കാണുന്നു. ഒരു യൂണിറ്റിന് 331.28 രൂപ നിരക്കിൽ 100എണ്ണത്തിന് 33128/- രൂപയുടെ അധിക ചെലവുണ്ടായി. ഇതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ എൻക്വയറിക്ക് (നം. 12/15.03.2019) മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നൽകിയ വിലയിലും അധികമായ തുകയ്ക്ക് വാങ്ങൽ നടത്തിയതു മൂലമുള്ള അധിക ചെലവ് അംഗീകരിക്കുന്നില്ല. (ബിൽ നം. 1/17-18,

തീയതി. 19.02.2018, തുക – 5,00,000/-) അധിക തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഖരമാലിന്യ നിർമ്മാർജ്ജനം-- പ്രവർത്തനം മന്ദഗതിയിൽ

1. അജൈവ മാലിന്യശേഖരണ പദ്ധതി-- (S0084/18) യുടെ ഭാഗമായി 17 വാർഡുകളിലായി തെരഞ്ഞെടുത്ത 17 ഹരിതകർമ്മസേന അംഗങ്ങൾക്ക് (ഗ്രീൻ ചില്ലീസ്) ഹോണറേറിയം അഥവാ വയബിലിറ്റി ഗ്യാപ് ഗ്രാന്റ് എന്ന ഇനത്തിൽ 3,24,400/- രൂപ 2017-18 ൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

   29.8.17 ലെ കമ്മിറ്റി തീരുമാനം 2(1) പ്രകാരം ശുചിത്വസേനയ്ക്ക് യൂസർ ഫീ ആയി വീടുകളിൽ നിന്ന് 20/- രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100/-രൂപയും നിശ്ചയിച്ച് തീരുമാനിച്ചു. 23.02.18 ലെ കമ്മിറ്റി തീരുമാനം II 4(2) ൽ 2017 ആഗസ്റ്റ് മാസം മുതൽ ഫെബ്രുവരി വരെയുള്ള യൂസർ ഫീ വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

   വരവ് - 201160/-

   ചെലവ് - 197657/-

   ബാക്കി - 3503/-

   താരതമ്യേന നല്ല രീതിയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം സ്ഥാപനത്തിൽ നടന്നതായി ഇതിൽ നിന്നും മനസ്സിലാക്കാം. എന്നാൽ തുടക്കത്തിലുള്ള ആവേശം മന്ദഗതിയിൽ ആകുകയും അനുബന്ധ സാഹചര്യങ്ങളുടെ അഭാവത്താൽ നിലവിൽ പ്രവർത്തനത്തെ പാതിവഴിയിൽ ഉപേക്ഷിച്ച അവസ്ഥയിലുമാണ്.

   29.08.2017 ലെ കമ്മിറ്റി തീരുമാനത്തിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുക, ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ച് ഷ്രെഡ്ഡ് ചെയ്യുന്ന പ്ലാസ്റ്റിക്ക് പൊതുമരാമത്തിന് കൈമാറുക എന്നിവയും തീരുമാനിച്ചിരുന്നു.

   മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം 2018-19 ൽ പൂർത്തിയാകുമെന്നും തുടക്കത്തിൽ ശേഖരിച്ച പ്ലാസ്റ്റിക്ക് സ്ക്രാപ്പ് ഡീലേഴ്സിന് കൈമാറുകയായിരുന്നു എന്നും പിന്നീട് അവരുടെ ഗോഡൗണിൽ സ്ഥലപരിമിതി മൂലം ശേഖരിക്കാൻ പറ്റാത്തതിനാൽ 17 വാർഡുകളിൽ നിന്നും കളക്ട് ചെയ്ത അജൈവ മാലിന്യങ്ങൾ മാർക്കറ്റ് ഷെഡിൽ സൂക്ഷിച്ചെങ്കിലും അവിടെയും സ്ഥലപരിമിതി കാരണം ആ നടപടിയും നിർത്തി വച്ചതായി വി.ഇ.ഒ അറിയിച്ചു.

   ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയെങ്കിലും ബ്ലോക്ക് തലത്തിൽ ഒരു യൂണിറ്റ് സ്ഥാപിച്ചാൽ മതിയെന്ന ശുചിത്വമിഷന്റെ നിർദ്ദേശ പ്രകാരം പദ്ധതി ഉപേക്ഷിച്ചു. ഷ്രെഡിംഗ് യൂണിറ്റ് യാഥാർത്ഥ്യമായാൽ മാത്രമേ ഹരിതകർമ്മസേനയുടെ പ്രവർത്തനവും അജൈവമാലിന്യ നിർമ്മാർജ്ജനവും ലക്ഷ്യം കൈവരിക്കുകയുള്ളൂ. അതിനാൽ അനുബന്ധ ഘടകങ്ങൾ അടിയന്തിരമായി നടപ്പാക്കി കൊടുത്ത് 2017-18 ലെ നല്ല രീതിയിലുള്ള ഈ തുടക്കം തുടർന്ന് മെച്ചപ്പെടുത്തി മാതൃകാപരമാക്കി മാറ്റണമെന്ന് ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

2. ജൈവമാലിന്യ നിർമ്മാർജ്ജനം--പദ്ധതി പൂർത്തിയാകാൻ 5 വർഷം

   അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പറവൂർ ഗവ. സ്കൂളിനും, വാടയ്ക്കൽ അംബേദ്കർ സ്കൂളിനും ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച് നല്കുന്നതിന് 2014-15 ൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പദ്ധതിയാണ് സ്കൂളുകൾക്ക് ബയോഗ്യാസ് പ്ലാന്റ്. ഓരോ വർഷവും സ്പിൽഓവറായി തുടർന്ന പദ്ധതി 2017-18 ലും പൂർത്തിയായിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിന് IRTC യെ ചുമതലപ്പെടുത്തിയെങ്കിലും ശുചിത്വമിഷന്റെ നിരക്ക് 2011-12 വർഷത്തിലെ ആയതിനാൽ IRTC ഈ നിരക്ക് അംഗീകരിച്ചില്ല. പിന്നീട് 30.3.17 ൽ ശുചിത്വമിഷൻ 50 kg/day ശേഷിയുള്ള ഫ്ലോട്ടിംഗ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റിന് യൂണിറ്റ് കോസ്റ്റ് 201080/- രൂപയാക്കി അംഗീകരിച്ചുകൊണ്ട് സാങ്കേതികാനുമതി നല്കി. ഈ കാലതാമസം പദ്ധതി വൈകുന്നതിന് പ്രധാന കാരണമായി. സാങ്കേതികാനുമതി ലഭിച്ച ശേഷം 20.7.17 ന് ഏജൻസിയുമായി തദ്ദേശ സ്ഥാപനം എഗ്രിമെന്റ് ഒപ്പ് വച്ചു. എഗ്രിമെന്റ് പ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. 50% തുക അഡ്വാൻസ് നല്കുക
2. ഈ തുകയുടെ 90% ചെലവഴിച്ചതിന്റെ സർട്ടിഫിക്കറ്റ് നല്കുന്നമുറയ്ക്ക് ബാക്കിതുക നല്കുക
3. അഡ്വാൻസ് കൈപ്പറ്റി 4 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണം
4. പൂർത്തിയാക്കിയ തീയതി മുതൽ 6 മാസത്തെ തൃപ്തികരമായ സാങ്കേതിക മേൽനോട്ടം IRTC യുടെ ചുമതലയാണ്. എന്നിവയായിരുന്നു കരാർ വ്യവസ്ഥകൾ.

*പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.*

1. 50% തുക അഡ്വാൻസ് നല്കണമെന്നായിരുന്നു കരാർ വ്യവസ്ഥ എങ്കിലും രണ്ട് പദ്ധതികൾക്കായി 188000/- രൂപയാണ് ഡിഡി നം. 253400/11.9.17 പ്രകാരം നല്കിയത്. യൂണിറ്റ് കോസ്റ്റ് 201080/- രൂപ ആയിട്ടുള്ള പ്ലാന്റ് രണ്ട് സ്കൂളിൽ സ്ഥാപിക്കുന്നതിന് 50% ആയി 201080/- രൂപ നൽകേണ്ടതിന് പകരം 188000/- രൂപ നല്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല.
2. അഡ്വാൻസ് കൈപ്പറ്റി 4 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കിയെങ്കിൽ 1/18 ന് പദ്ധതി പൂർത്തിയാകേണ്ടതാണ്. എന്നാൽ 2017-18 ൽ അഡ്വാൻസ് തുക മാത്രമാണ് ഏജൻസിക്ക് നല്കിയിരിക്കുന്നത്. എഗ്രിമെന്റിലെ മറ്റ് വ്യവസ്ഥകൾ പാലിക്കപ്പെട്ടതിന്റെ വിശദാംശവും ലഭ്യമായില്ല.

പദ്ധതി സംബന്ധിച്ച് നിലവിലെ സ്ഥിതി, കാലതാമസത്തിന് കാരണം എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി 2018-19 ൽ പൂർത്തിയായതായി എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചു. 2017-18 ൽ പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ IRTC യ്ക്ക് നല്കിയ 188000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 മെഡിക്കൽ ഓഫീസർ -പി.എച്ച്.സി നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

പി.എച്ച്.സി മെഡിക്കൽ ഓഫീസർ 2017-18-ൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ട് നം. - എസ്0086/18 – പാലിയേറ്റീവ് കെയർ

വികസന ഫണ്ട് - 324188

ബ്ലോക്ക് വിഹിതം - 325812

അടങ്കൽ - 650000

1. ബ്ലോക്ക് വിഹിതത്തിൽ നിന്നും 16.03.2018 ൽ ചെക്ക് നം. 9188955 പ്രകാരം 114776/- രൂപ മരുന്ന് ലഭ്യമാക്കുന്നതിനായി നീതി മെഡിക്കൽ സ്റ്റോർ SCB Ltd. No. 759 തൃശ്ശൂർ - ന് നൽകിയിട്ടുണ്ട്. സബ്സിഡി നിർദ്ദേശങ്ങൾ പ്രകാരം, മരുന്ന് വാങ്ങൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ വാങ്ങാൻ പാടില്ല എന്നും, മരുന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിരുന്നു. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ എച്ച്. എം. സി. ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനാവശ്യമുള്ള മരുന്നുകൾ നീതി/ കാരുണ്യ സ്റ്റോറുകളിൽ നിന്ന് വാങ്ങാനാണ് സർക്കാർ അനുമതിയുള്ളത്. എന്നാൽ ഈ നടപടികൾ ഒന്നും ഇല്ലാതെയാണ് തൃശ്ശൂരുള്ള ഒരു നീതി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയിട്ടുള്ളത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഇൻവോയ്സ് പ്രകാരം മരുന്ന് സ്വീകരിച്ചതിന്റെയോ സ്റ്റോക്കിൽ എടുത്തതിന്റെയോ രേഖപ്പെടുത്തലും സാക്ഷ്യപ്പെടുത്തലും ഇല്ല. ഓഡിറ്റ് എൻക്വയറി (നം. 13/16.3.19) നൽകിയതിനെത്തുടർന്ന് ബില്ലിന്റെ കോപ്പി ഹാജരാക്കിയെങ്കിലും ചെക്ക് പ്രകാരം നൽകിയ തുകയുടെ ബിൽ അല്ലാതിരുന്നതിനാൽ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ മേൽ ചെലവ് തുകയായ 114776/- രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

2. (a) ട്രഷറി ബിൽ സി. ബി. നം. 7/17-18, തീയതി - 30.03.2018 പ്രകാരം 61450/- രൂപ മാറിയിരിക്കുന്നതിന്റെ ചെലവു രേഖകളിൽ 6000/- രൂപ എം. എം. ഇൻഡസ്ട്രീസ്, ആലപ്പുഴയ്ക്ക് അലമാര ലഭ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ അലമാര ലഭിച്ചതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഓഡിറ്റ് സമയത്തും അലമാര ലഭ്യമാകാത്തതിനാൽ മേൽ ചെലവ് തുകയായ 6000/-രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

b) ഈ ബില്ലിൽ നിന്നു തന്നെ 22000/- രൂപ 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സായ "സർട്ടിഫിക്കേഷൻ പ്രോഗ്രാം ഇൻ കമ്മ്യൂണിറ്റി ബേസ്ഡ് ഹെൽത്ത് കെയർ (CHBHC – IGNAU)" ലേക്ക് ട്യൂഷൻ ഫീ - 2000/-, 6 മാസം സ്റ്റൈഫന്റ് - 1500/- വീതവും രണ്ട് പേർക്ക് എന്ന് രേഖപ്പെടുത്തി ആകെ 22000/- രൂപ പിൻവലിച്ചിരുന്നു. ഈ തുക ചെലവഴിക്കാതെ എച്ച്. എം. സി. അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പദ്ധതി തുക ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റിയിടുന്നത് ക്രമപ്രകാരമല്ല. പിൻവലിച്ച തുക 22000/- രൂപ തിരിച്ചടച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

c) സബ്സിഡിയറി രജിസ്റ്റർ, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വരവ്-ചെലവുകൾ സൂചിപ്പിക്കുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്ന് സർക്കാർ ഉത്തരവ് 177/2006 ൽ നിഷ്കകർഷിച്ചിരുന്നു. ഓരോ പ്രോജക്ടിന്റെയും ചെലവു വിവരിക്കുന്ന ഒരു പ്രോജക്റ്റ് രജിസ്റ്ററും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ പി.എച്ച്.സി. യ്ക്ക ലഭിച്ചതും വിനിയോഗിച്ചതുമായ തുക സംബന്ധിച്ച് കൃത്യമായ വിവരം ഇല്ലാത്ത അവസ്ഥയാണുള്ളത്. ഈ അവസ്ഥ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴി ഒരുക്കുമെന്നതിനാൽ മെഡിക്കൽ ഓഫീസറുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മെഡിക്കൽ ഓഫീസർ നടത്തുന്ന എല്ലാ വാങ്ങലുകളും അതാത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടോ എന്ന വിവരം നിരീക്ഷിക്കേണ്ടതും ഫിസിക്കൽ സ്റ്റോക്ക് പരിശോധന വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. സ്റ്റോക്കിന്റെ ചുമതല കൃത്യമായ ഓഫീസ് ഉത്തരവു വഴി മറ്റാർക്കും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ സ്റ്റോക്കിലുണ്ടാകുന്ന അപാകതകൾക്ക് മെഡിക്കൽ ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണ്.

## <u>3-5 ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ --യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നില്ല.</u>

ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ (S0065/18) പദ്ധതിയുടെ ഭാഗമായി 66824/- രൂപ വിവിധ ബില്ലുകൾ പ്രകാരം ഫർണീച്ചർ, മീറ്റിംഗ്, കൗൺസിലർക്ക് ഹോണറേറിയം എന്നിങ്ങനെ വിവിധ ഇനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്.

ജാഗ്രതാ സമിതി 16-17 ൽ ആരംഭിച്ചെങ്കിലും വാർഡുതല യോഗം 13.1.18 മുതൽ കൂടിയതിന്റെ മിനിട്സ് ആണ് ഹാജരാക്കിയിട്ടുള്ളത്. പഞ്ചായത്ത് തല ജാഗ്രതാ സമിതി യോഗം 27.3.18 ൽ മാത്രമാണ് കൂടിയിട്ടുള്ളത്. ജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്താനുള്ള ശ്രമം അഭിനന്ദനാർഹമാണ്.

ജന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് തദ്ദേശ സ്ഥാപനം പ്രവർത്തനം വിലയിരുത്തേണ്ടതും സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പഠനം നടത്തി സ്വീകാര്യമായ നടപടികൾ പ്രാവർത്തികമാക്കികൊണ്ട് മെച്ചപ്പെട്ട പ്രവർത്തനം നടപ്പാക്കി ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കേണ്ടതുമാണ്.

## <u>3-6 തൊഴിലുറപ്പ് പദ്ധതി-- കയർഭൂവസ്ത്രം വിരിക്കൽ–- കയർ വികസന വകുപ്പ് ആവശ്യമായ കയർ ലഭ്യമാക്കിയില്ല.</u>

1. കയർഭൂവസ്ത്രം ഉപയോഗിച്ച് പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ തദ്ദേശ സ്ഥാപനം 2017-18 ൽ 40 പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നു. 2017 ഒക്ടോബറിൽ ആലപ്പുഴയിൽ നടന്ന കയർ കേരള അന്താരാഷ്ട്ര മേളയുടെ ഭാഗമായി നടന്ന കയർഭൂവസ്ത്ര സെമിനാറിൽ തദ്ദേശ സ്ഥാപനവും സംസ്ഥാന കയർ വികസന വകുപ്പുമായി ഒപ്പിട്ട ധാരണാപത്രം അനുസരിച്ച് പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും 40 വർക്കുകൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി 42319 $m^2$ കയർ ആവശ്യപ്പെട്ടിരുന്നു. (@65/-$m^2$) എന്നാൽ 2017 നവംബർ -- ഡിസംബർ മാസങ്ങളിലായി 18620 $m^2$ കയർ ആണ് കയർ ബോർഡ് ലഭ്യമാക്കിയത്. പിന്നീട് കയർ ലഭിക്കാത്തതിനെ തുടർന്ന് 26 പ്രവൃത്തികൾ നടപ്പാക്കിയില്ല. എങ്കിൽ തന്നെയും ഈ 26 പ്രവൃത്തികളിലും കയർ വിരിക്കലിന് മുൻപുള്ള ബാക്കി എല്ലാ പ്രാരംഭ പ്രവർത്തനങ്ങളും ചെയ്തതിന് ലേബർ കോസ്റ്റ് ഇനത്തിൽ

തുക ചെലവഴിക്കുകയും ചെയ്തു. പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം ഈ പ്രവൃത്തികൾക്കൊന്നും ലഭിക്കുകയോ ആസ്തി സൃഷ്ടിക്കുകയോ ചെയ്തില്ല. തൊഴിലാളികൾക്ക് വേതനം ലഭിക്കുക എന്നത് മാത്രമാണ് ഇവിടെ ഉണ്ടായത്. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലൊട്ടാകെ ഇപ്രകാരം കയർ ലഭ്യമാക്കാൻ കയർബോർഡ് ശ്രമിച്ചതിനാൽ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ആവശ്യമായ അളവിൽ കയർ ലഭ്യമാക്കാൻ കയർബോർഡിന് കഴിയാതെ വന്നു. ഇത് തദ്ദേശ സ്ഥാപനങ്ങളുടെ പ്രവൃത്തികളെ സാരമായി ബാധിക്കുകയും ആസ്തി സൃഷ്ടിക്കപ്പെടാതെ തൊഴിലാളികളുടെ വേതനം നല്കൽ മാത്രമായി പദ്ധതി ഒതുങ്ങുകയും ചെയ്തു.
നടപ്പാക്കിയ പ്രവൃത്തികളിൽ ആകട്ടെ കയർ ബോർഡിന് പേമെന്റ് അനുവദിച്ചത് 2018-19 ലും ആണ്. കയർബോർഡിൽ നിന്നും സാധനം സപ്ലൈ ചെയ്തതിന്റെ ബില്ല് ലഭിക്കാൻ വളരെ കാലതാമസം ഉണ്ടാകുന്നതായും അതിനാൽ പേമെന്റ് നടത്താൻ സാധിക്കാതെയും പ്രവൃത്തിയുടെ പൂർത്തീകരണം രേഖപ്പെടുത്താനാവാതെയും വരുന്നതായും സെക്രട്ടറി അറിയിച്ചു. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുന്നു.

2. സ്റ്റോക്ക് രജിസ്റ്റർ – അപാകത
സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും മെറ്റീരിയൽ വർക്കിന്റെ സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ കൃത്യമായ രേഖപ്പെടുത്തൽ ഒരു പ്രവൃത്തിയുടേയും ഇല്ല. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ ഇൻവോയിസ് ലഭ്യമാക്കുന്നത് കൃത്യമായി പരിശോധിക്കാതെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതായും ഓരോ പ്രവൃത്തിക്ക് നല്കുന്നതായും രേഖപ്പെടുത്തുന്നു.
ഉദാ :- വാർഡ് 1 ൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പ്രവൃത്തിയുടെ ഘട്ടം 2 ൽ ബിൽ പ്രകാരം 1750 $m^2$ കയറിന്റെ വില 113750/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 875$m^2$ ആണ് ഈ പ്രവൃത്തിക്ക് നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്നത്.
കൂടാതെ വാർഡ് 8 ൽ പൂന്തുരം പാടം തെക്കേ ബണ്ട് നവീകരണം എന്ന പ്രവൃത്തിക്ക് ബിൽ പ്രകാരം 1233$m^2$ കയർ ഉപയോഗിച്ചതിന്റെ തുക നല്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് രേഖപ്പെടുത്തലിൽ വന്ന അപാകതയാണെന്ന് ബോധ്യപ്പെടുത്തി. സ്റ്റോക്ക് രജിസ്റ്റർ കൃത്യവും സുതാര്യവും കുറ്റമറ്റതാക്കിയും സൂക്ഷിക്കേണ്ടതാണ്.

3. സോഷ്യൽ ഓഡിറ്റ് നടക്കുന്നില്ല.
തൊഴിലുറപ്പ് പദ്ധതികളുടെ പ്രവർത്തനം ഗുണമേന്മ, സുതാര്യത, നേട്ടങ്ങൾ എന്നിവ വിലയിരുത്താൻ മോണിറ്ററിംഗ് നടക്കുന്നില്ല എന്നത് ഗുരുതരമായ പോരായ്മയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കാത്തതിനാൽ മോണിറ്ററിംഗ് സംവിധാനം നടക്കുന്നില്ല എന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

ഏതൊരു പ്രവർത്തനവും പൂർണ്ണത കൈവരിക്കുന്നത് അതിന്റെ നേട്ടവും കോട്ടവും നല്ല രീതിയിൽ വിലയിരുത്തപ്പെടുമ്പോഴാണ്. അടിയന്തിരമായി സോഷ്യൽ ഓഡിറ്റ് ടീം പഞ്ചായത്ത് തലത്തിലെങ്കിലും രൂപീകരിച്ച് മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 3-7 അങ്കണവാടികളുടെ ഭൗതിക സാഹചര്യം

27 അങ്കണവാടികൾ ഉള്ളതിൽ 11 എണ്ണം നിലവിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു കെട്ടിടത്തിന് സ്ഥലം ലഭ്യമായെങ്കിലും വഴിയുടെ പ്രശ്നം ഉള്ളതിനാൽ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. അത് പരിഹരിച്ച് സാമൂഹ്യനീതി വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാക്കി കെട്ടിടനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനത്തിലെ അസി. എഞ്ചിനീയർ പരിശോധിച്ച് നല്കുന്നുണ്ട്. അൺഫിറ്റായ 4 കെട്ടിടങ്ങളിൽ നിന്നും തൻ വർഷം പ്രവർത്തനം മാറ്റി വേറെ കെട്ടിടത്തിലേക്ക് ആക്കിയിട്ടുണ്ട് എന്ന് സൂപ്പർവൈസർ അറിയിച്ചു.

16-ാം വാർഡിൽ നിലവിൽ പ്രവർത്തിക്കുന്ന അങ്കണവാടിയുടെ സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

8, 9, 16 വാർഡുകളിൽ അങ്കണവാടിക്ക് 3 സെന്റ് സ്ഥലം സൗജന്യമായി ലഭ്യമാക്കാൻ സ്ഥല ഉടമകൾ സന്നദ്ധത അറിയിച്ചെങ്കിലും പിന്നീട് വിവിധ കാരണങ്ങളാൽ അത് നടക്കാതെ വന്നു. ഭരണസമിതി ഇടപെട്ട് സ്ഥലം ലഭ്യമാകുമെങ്കിൽ പഞ്ചായത്തിന്റ പേരിൽകൂട്ടി കെട്ടിടനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ

1. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല, റോഡ് നിർമ്മാണത്തിൽ വ്യക്തമായ ആസൂത്രണമില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യവാർഷിക പദ്ധതി (2017-18) മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.72/2017/ തസ്വഭവ, 29.03.17 ഖണ്ഡിക 12.10.1 പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടമോ, പ്ലാനോ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഫണ്ട് വാർഡ് തലത്തിൽ വീതം വച്ച് പോകുകയും കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ്ചെലവായി മാറുകയും ചെയ്യും എന്നതിനാൽ, പഞ്ചായത്തിനെ ഒരു ഏകീകൃത യൂണിറ്റായി കണക്കാക്കിക്കൊണ്ട് സർക്കാർ നിർദ്ദേശ പ്രകാരമുള്ള റോഡ് കണക്ടിവിറ്റി മാപ്പും റോഡുകളുടെ പട്ടികയും അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

2. ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല.

പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്ററിൽ അസറ്റിന്റെ കോഡ് രേഖപ്പെടുത്തണമെന്നും ഈ കോഡ് പ്രോജക്ടിൽ നിർദ്ദിഷ്ട ഭാഗത്ത് രേഖപ്പെടുത്തി അംഗീകാരത്തിനായി നൽകണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം ഒരു അസറ്റ് നമ്പർ നൽകുന്നില്ല. അസറ്റ് രജിസ്റ്റർ പരിഷ്കരിക്കുമ്പോൾ അസറ്റുകൾക്ക് യുണീക്ക് നമ്പർ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ പുതിയവ കൂട്ടിച്ചേർക്കുകയോ അവസ്ഥാമാറ്റം ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. പുതിയതായി നിർമ്മിച്ച ആസ്തികൾ പലതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പദ്ധതി പ്രവർത്തനങ്ങൾ വർഷാവസാനത്തിൽ ഒതുങ്ങുന്നു

മരാമത്ത് പദ്ധതികളുടെ ചെലവു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ പദ്ധതിചെലവുകൾ വർഷാവസാനത്തോടെ മാത്രം, പ്രധാനമായും മാർച്ച്മാസത്തിലാണ് നടക്കുന്നത് എന്ന് കാണുന്നു. പദ്ധതി പ്രവർത്തനങ്ങൾക്ക് ഒരു പ്രവർത്തന കലണ്ടർ സർക്കാർ നിശ്ചയിച്ചിരുന്നു എങ്കിലും പദ്ധതികൾ മിക്കവയും വർഷാവസാനത്തേക്ക് നീണ്ടു പോകുന്നു. പരിമിതമായ ജീവനക്കാർ മാത്രമുള്ള എൻജിനീയറിംഗ് വിഭാഗത്തിന് ഇത്രചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്രയധികം സൈറ്റുകളിൽ നേരിട്ട് എത്തി പരിശോധന നടത്തുക എന്നത് പ്രയോഗികമല്ല. ഇത് പദ്ധതികളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രവൃത്തികളുടെ എണ്ണം കുറച്ച്, ആസ്തി സൃഷ്ടിക്കപ്പെടുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ ഗുണനിലവാരവും മെച്ചപ്പെടും.

4. റോഡ് പ്രവർത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല

ഒരു റോഡ് പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും അതിന്റെ ഏതെങ്കിലും ഭാഗം പുനരുദ്ധാരണം നടത്തുമ്പോൾ ആസ്തി രജിസ്റ്ററിലുള്ള റോഡിന്റെ ഏത് ചെയിനേജിലാണ് വർക്കു നടക്കുന്നത് എന്ന് എസ്റ്റിമേറ്റിലും എം ബുക്കിലും കൃത്യമായരേഖപ്പെടുത്തൽ വരുത്തുകയും ചെയ്യേണ്ടതാണ് എങ്കിലും ഇപ്രകാരം ചെയ്യുന്നില്ല.ഒരു റോഡിന്റെ തന്നെ പലഭാഗങ്ങൾ പല പേരുകളിൽ പ്രോജക്ടുകളാക്കുകയും പല റോഡുകളായി ആസ്തി രജിസ്റ്ററിൽ ചേർക്കുകയും ചെയ്യുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നില്ല

പ്രോജക്ടുകളിൽ എല്ലാംതന്നെ പദ്ധതി പ്രവർത്തനങ്ങൾ ഇതോടൊപ്പമുള്ള പ്രവർത്തന കലണ്ടർ പ്രകാരം നടക്കുന്നതാണ് എന്ന് രേഖപ്പെടുത്താറുണ്ട്. എന്നാൽ പ്രോജക്ടിനൊപ്പം ഇങ്ങനെയൊരു കലണ്ടർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പ്രവർത്തന കലണ്ടർ അനുസരിച്ചാണോ പ്രവർത്തനം നടന്നിട്ടുള്ളത് എന്ന വിവരം പരിശോധനാ വിധേയമാക്കാൻ സാധിക്കുകയില്ല.

6. പുതുക്കിയ പി.ഡബ്ള്യൂ.ഡി. മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുന്നില്ല.

കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.പി.13/2012 പി.ഡബ്ള്യൂഡി/1-2-2012 പ്രകാരം പുതുക്കിയെങ്കിലും ഇപ്പോഴും പഴയമാന്വൽ പ്രകാരമുള്ള വ്യവസ്ഥകളാണ് കരാർ വക്കുന്നതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി സെക്ഷൻ 2112 പ്രകാരം പൂർത്തീകരണത്തിനുള്ള സമയദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല എന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തികരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ല എന്നും,

പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു.ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്ത പക്ഷം കരാർ ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കുശേഷം ചെയ്യുന്ന പ്രവർത്തി അനധികൃതമാണ്. ഇതിന് പേയ്മെന്റ് നൽകാവുന്നതല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000/- രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000/- രൂപ എന്ന ക്രമത്തിലും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്കവർക്കുകളിലും പിഴ സംബന്ധിച്ച് 2012 നുമുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദീർഘീകരണം സംബന്ധിച്ച് പുതുക്കിയ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയും അതിനനുസൃതമായി നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്

## 3-9 <u>ഭൗതികസാഹചര്യം ഒരുക്കുന്നതിലെ കാലതാമസം -ബ്ലോക്ക് പഞ്ചായത്ത് നൽകിയ കട്ടയും ടൈലും ഉണ്ടാക്കുന്ന മെഷ്യൻ നിഷ്ക്രിയ ആസ്തിയായി.</u>

2017-18 വർഷം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട്പ്രകാരം വാങ്ങിയ സിമന്റ് കട്ടയും ടൈലും ഉണ്ടാക്കുന്ന മെഷ്യൻ ഗ്രാമപഞ്ചായത്ത് 49750/- രൂപ മുടക്കി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പുന്നപ്ര ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് വർക്ക് ഷെഡിലേക്ക് മാറ്റിയിരുന്നു. എന്നാൽ 500000/- ത്തോളം രൂപ ചെലവഴിച്ച് തൊഴിലുറപ്പ് പദ്ധതി പ്രകാരം പണിത വർക്ക് ഷെഡിന്റെ സ്ട്രക്ചർ പോലും പൂർത്തിയായത് 2017-18 സാമ്പത്തിക വർഷാരംഭത്തിൽ മാത്രമാണ്. ഇപ്പോഴും വർക്ക് ഷെഡിന് മെഷീനറി പ്രവർത്തിക്കാൻ ഉതകുന്ന തരത്തിലുള്ള വൈദ്യുതികണക്ഷൻ, മറ്റ് അനുബന്ധ സൗകര്യങ്ങളായ വാട്ടർടാങ്ക്, പമ്പ്, ജലസ്രോതസ്സ് എന്നിവ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2018-19ൽ മാത്രമാണ് ഇവക്കായി പ്രോജക്ട് വച്ചിട്ടുള്ളത്. ഇലക്ട്രിഫിക്കേഷനായി 286000/-രൂപ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിൽ ഒടുക്കിയിട്ടുണ്ട് എന്നല്ലാതെ മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ആയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ നിരന്തര അഭ്യർത്ഥനകൾ മാനിച്ചാണ് മെഷ്യൻ കൈപ്പറ്റേണ്ടിവന്നത് എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറയുന്നു. വർക്ക് ഷെഡിന്റെയും അനുബന്ധസൗകര്യങ്ങളുടേയും നിർമ്മാണം പൂർത്തിയാകാത്തതിനാൽ ബ്ലോക്കിന്റെയും, ഗ്രാമപഞ്ചായത്തിന്റെയും ലക്ഷക്കണക്കിനു രൂപ പാഴായ സ്ഥിതിയാണ്. അനുബന്ധസൗകര്യങ്ങൾ ഒരുക്കി എത്രയും വേഗം മെഷ്യൻ ഉപയോഗപ്പെടുത്തുന്നതാണ് എന്ന് എൻക്വയറിക്കുള്ള മറുപടിയിൽ അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. മെഷ്യൻ പ്രവർത്തനക്ഷമമാക്കുന്നതിന് ഭരണസമതിയുടേയും അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 3-10 <u>ദിവസവേതന ജീവനക്കാരുടെ നിയമനം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.</u>

1997ലെ കേരളപഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം ചട്ടങ്ങൾ) ചട്ടം-8 പ്രകാരം നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേബർ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ 5-2-2014ലെ 25941/g2/2013/ സർക്കുലർ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 26-12-2016 ലെ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1046913/g2/2016 കത്തുപ്രകാരം വീണ്ടും എല്ലാ സ്ഥാപനമേധാവികൾക്കും 5-2-14 ലെ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിരുന്നു. ചട്ട പ്രകാരം നിലവിലുള്ള ഒഴിവിലേക്കു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി. വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നും സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ സർക്കാർ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശമുണ്ടായിരുന്നു. പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ 2017-18വർഷം താഴെ പറയുംപ്രകാരമുള്ള ജീവനക്കാർ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അല്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

| ക്രമനം. | തസ്തിക | ജീവനക്കാരന്റെ പേര് |
|---|---|---|
| 1 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ശ്രീമതി. ആതിര |
| 2 | ഡ്രൈവർ | ശ്രീ. ബിനുമോൻ |

ഈ തസ്തികകളിൽ സർക്കാർ അംഗീകൃതമല്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ സർക്കാർ അനുമതിയോടെയല്ല നിയമനം നടത്തിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിരുന്നെങ്കിലും പണിപൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് കെട്ടിട വിഭാഗം. | 74/18<br>കൃഷി ഭവൻ അറ്റകുറ്റപ്പണി | 21701119,<br>തീ –06.03.2018 | 914369 | 0 | 914369 |
| പൊതുമരാമത്ത് ഇലക്ട്രിക് വിഭാഗം. | 73/18<br>സബ്സെന്റർ ഇലക്ട്രിക്ഫിക്കേഷൻ | വൗച്ചർ നം.-<br>21701022,<br>തീ –27.02.2018 | 52000 | 0 | 52000 |
| നാഷണൽ ഹെൽത്ത് മിഷൻ | പി.എച്ച്.സി. അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ | ബിൽ നം. –<br>246/28.03.2018 | 272308 | 0 | 272308 |
| | | | | | 1238677 |

ഡെപ്പോസിറ്റ് തുകകൾ ഫലപ്രദമായി വിനിയോഗിക്കപ്പെടാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-12 സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കാത്തത് സംബന്ധിച്ച്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമാഹരിക്കുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയാണ് വിതരണം ചെയ്യേണ്ടത്. ഓരോ ദിവസത്തെയും സ്റ്റോക്ക് ബാലൻസ് അറിയത്തക്കവിധം വിതരണം ചെയ്യാൻ അവശേഷിക്കുന്നവയുടെ എണ്ണം വ്യക്തമാക്കിയിരിക്കണം. വാങ്ങിയ സാധനങ്ങളുടെയും ബാലൻസിന്റെയും സ്റ്റോക്ക് വാല്യൂ കണക്കാക്കിയിരിക്കണം. സ്റ്റോക്കിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് മാറ്റം വരുമ്പോഴും, സാമ്പത്തിക വർഷാവസാനവും സ്റ്റോക്ക് രജിസ്റ്ററിലെ ബാലൻസും ഫിസിക്കൽ ബാലൻസും ഭൗതിക പരിശോധന നടത്തി കൃത്യത

ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തണം എന്നിവയാണ് രജിസ്റ്റർ പരിപാലനത്തിന് ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ. എന്നാൽ മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്റ്റോക്ക് രജിസ്റ്റർ കൈകാര്യം ചെയ്യുന്നത്. ഇപ്രകാരം രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കാത്തതിനാൽ സാധനങ്ങളുടെ വിതരണം,ബാലൻസ് ഇവ മനസിലാക്കാൻ സാധിക്കുന്നില്ല. സാമ്പത്തിക വർഷാവസാനത്തിലും, പുതിയ സെക്രട്ടറി ചാർജ്ജ് എടുത്തപ്പോഴും ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ഏതിനത്തിന്റെയും സ്റ്റോക്ക് ബാലൻസ് അറിയാൻ സാധിക്കും പ്രകാരം രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ.

1. തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കൃത്യതയില്ല.

ഓരോ വാർഡിലേയും തെരുവു വിളക്കുകളുടെ എണ്ണവും ഇനവും പോസ്റ്റിന്റെ നമ്പർ സഹിതം രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഇപ്രകാരം ഒരു വിവരശേഖരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കും എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ ഇനം, എണ്ണം ഇവ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ അറ്റകുറ്റപ്പണിക്കായി പ്രോജക്ട് തയ്യാറാക്കുന്നത് യുക്തിസഹമല്ല. പഞ്ചായത്ത് എൽ.ഇ.ഡി ഗ്രാമമായി മാറുന്നതിനായി വർഷങ്ങളായി എൽ.ഇ.ഡി ലൈറ്റ് മാത്രമാണ് വാങ്ങുന്നത്. നിലവിൽ ഈ ലക്ഷ്യം എത്രമാത്രം കൈവരിക്കാനായി എന്ന വിലയിരുത്തണമെങ്കിലും തെരുവുവിളക്ക് വൈദ്യുതിചാർജ്ജ് ക്രമപ്രകാരമാണോ എന്ന പരിശോധിക്കുന്നതിനും ഇപ്രകാരമൊരു അടിസ്ഥാനവിവരം അത്യാവശ്യമാണ്. രജിസ്റ്റർ അടിയന്തിര പ്രാധാന്യത്തോടെ പൂർത്തിയാക്കേണ്ടതാണ്.

2. വാങ്ങിയവയും ഉപയോഗിച്ചവയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തെരുവു വിളക്ക് പരിപാലനത്തിനായി വിളക്കുകൾ പഞ്ചായത്ത് വാങ്ങുകയും അറ്റകുറ്റപ്പണി കരാറുകാരൻ വഴി നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം വാങ്ങിയവയും ഉപയോഗിച്ചവയും തമ്മിൽ ചില പൊരുത്തക്കേടുകൾ നിലനിൽക്കുന്നു.

2017-18 വർഷം പുന്നപ്ര നോർത്ത് പഞ്ചായത്ത് വാങ്ങിയ തെരുവു വിളക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം. | എണ്ണം | സ്ഥാപനം | ചെലവു വിവരം | തുക | കൈപ്പറ്റ് വിവരം. |
|---|---|---|---|---|---|
| 24w led tube<br>24w led automatic | 242<br>200 | ക്രൂസ് | ബിൽ നം. - 27/17,<br>തീയതി - 27-12-2017 | 831390 | കരാറുകാരൻ |
| | | | ചെക്ക് നം. – 3068122,<br>തീയതി – 26-3-18 | 32077 | കരാറുകാരൻ. |
| | | | ബിൽ നം. -34/18<br>തീയതി – 28-3-18 | 294519 | കരാറുകാരൻ. |
| | | | ബിൽ നം. – 35/18,<br>തീയതി - 28-3-18 | 142024 | കരാറുകാരൻ. |
| ട്യൂബ്. | 50 | മഹാലക്ഷ്മി | ബിൽ നം. – 392,<br>തീയതി – 11-8-2017 | 24848 | കരാറുകാരൻ. |
| ചോക്ക് | 20 | മഹാലക്ഷ്മി | ബിൽ നം. – 392,<br>തീയതി – 11-8-2017 | | കരാറുകാരൻ. |

| | | | | | |
|---|---|---|---|---|---|
| സ്റ്റാർട്ടർ | 50 | മഹാലക്ഷ്മി | ബിൽ നം. – 392,<br>തീയതി – 11-8-2017 | | കരാറുകാരൻ. |
| എൽ.ഇ.ഡി. ബൾബ് | 160 | മഹാലക്ഷ്മി | ബിൽ നം. – 392,<br>തീയതി – 11-8-2017 | | കരാറുകാരൻ. |
| ബൾബ് ഹോൾഡർ | 50 | മഹാലക്ഷ്മി | ബിൽ നം. – 392,<br>തീയതി – 11-8-2017 | | കരാറുകാരൻ. |
| 24 w.led tube | 6 | ക്രൂസ് | ബിൽ ബുക്ക് സീരിയൽ നം. – 31/18, തീയതി - 17-3-18 | 50791 | ഇലക്ട്രിക്കൽ ഗുഡ്സിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 24 w led automatic<br>(പ്രോജക്ട്: 129/17 പ്രകാരം വാങ്ങിയത്) | 11 | | | | |

3. അറ്റകുറ്റപ്പണിക്കു നിയുക്തനായിരുന്ന ശ്രീ.രാധാകൃഷ്ണൻ നായർക്ക് നൽകിയ തുകയുടെ വിവരം.

| ചെയ്ത പ്രവൃത്തി | എണ്ണം. | നൽകിയ തുക | വൌച്ചർനം.തീയതി. |
|---|---|---|---|
| റിപ്പയർ ചെയ്ത് പുനഃസ്ഥാപിക്കുക | 196 led tube@175<br>88 Automatic tube@175 | 49700 | 21700173,<br>തീയതി – 31.5/17 (237633) |
| റിപ്പയർചെയ്ത് പുനഃസ്ഥാപിക്കുക | 122 led tube<br>25 automatic | 25725 | 21700488<br>തീയതി – 31-8-2017<br>ch.no. 253391) |
| റിപ്പയർചെയ്ത് പുനഃസ്ഥാപിക്കുക | 68 led tube@175<br>61 automatic<br>35 bulb@90 | 25725 | 21700753,<br>തീയതി-12-12-17(ch.no.192033) |
| പുതിയതായി led ലൈറ്റുകൾ സ്ഥാപിച്ചതിന് | 264@145 | 38280 | 21700935,<br>തീയതി – 20-2-18 (106828) |

പഞ്ചായത്ത് വാങ്ങിയതെരുവു വിളക്കുകളുടേയും ഉപയോഗിച്ചവയുടേയും സംക്ഷിപ്തം.

| ഇനം. | വാങ്ങിയത് | ഉപയോഗിച്ചത് | ബാക്കി. |
|---|---|---|---|
| led tube<br>led automatic | 248<br>211 | 264 | 195 |
| led bulb | 160 | 35 | 125 |
| tube | 50 | - | 50 |
| choke | 20 | 20 | - |
| bulb holder | 50 | 50 | |
| starter | 50 | 50 | - |

4. കരാറുകാരൻ 560 ട്യൂബ് സെറ്റുകൾ അറ്റകുറ്റപ്പണി നടത്തി പുനസ്ഥാപിച്ച എന്ന് അവകാശപ്പെട്ട് 175/- രൂപ നിരക്കിൽ തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അറ്റകുറ്റപ്പണിക്ക് ആവശ്യമായ വളരെകുറച്ച സാധനങ്ങൾ മാത്രമേ പഞ്ചായത്ത് വാങ്ങിയിട്ടുള്ളൂ. ലൈറ്റ് മാറ്റിയിടുകയാണ് ചെയ്തത് എങ്കിൽ അതിന് അനുവദിച്ചിരുന്ന 145/- രൂപ നിരക്ക് നൽകിയാൽ മതിയായിരുന്നു. 560 അറ്റകുറ്റപ്പണി നടത്തിയതിൽ എത്ര എണ്ണത്തിന് വിളക്ക് മാറ്റിയിടുകകൂടി ചെയ്തു എന്നതിന് വ്യക്തതയില്ല. അതാത് വാർഡിലെ ജനപ്രതിനിധികളുടെ സാക്ഷ്യപത്രമാണ് ഇതിനുള്ള തെളിവ്. എത്ര പോസ്റ്റിൽ ട്യൂബ്സെറ്റായി തന്നെ സ്ഥാപിക്കേണ്ടി വന്നു, ഏതു തരം അറ്റകുറ്റപ്പണിയാണ് നടത്തിയത് എന്ന വിവരം ഇതിൽ നിന്നും ലഭിക്കുന്നില്ല.
5. കരാറുകാർ നൽകിയ കണക്കുപ്രകാരം, 264 ലൈറ്റു മാത്രമാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളത്. ബാക്കിയുള്ളവയുടെ ഉപയോഗം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലൈറ്റുകൾ വിവിധ വാർഡുകളിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ആരാണ് കൈപ്പറ്റുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ മഹാലക്ഷ്മിയിൽ നിന്നും വാങ്ങിയ സ്റ്റാർട്ടർ, ചോക്ക്, ഹോൾഡർ, ബൾബ് ഇവയും പ്രാദേശവാസികൾ നൽകിയ 277 ലൈറ്റുകളും കൂടി ഉപയോഗിച്ചാണ് അറ്റകുറ്റപ്പണി നടത്തിയത് എന്നും (560എണ്ണം) 31.05.2017 ലും 31.08.2017 ലും, 12.12.2017 ലും നൽകിയ പേയ്മെന്റുകൾ ഇവ ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തിയതിന് നൽകിയതാണെന്നും, മഹാലക്ഷ്മിയിൽ നിന്നും വാങ്ങിയ മുഴുവൻ ഉപകരണങ്ങളും ഉപയോഗിച്ചെന്നും ക്രൂസിൽ നിന്നും വാങ്ങിയ സെറ്റുകളിൽ 264 എണ്ണം സ്ഥാപിച്ചതിന്റെ കൂലി മാത്രമാണ് 2017-18-ൽ നൽകിയിട്ടുള്ളത് എന്നും തുടർന്ന് ബാക്കിയുള്ളവ ഫിറ്റുചെയ്യുതിനുള്ള തുക അടുത്ത സാമ്പത്തികവർഷം മാത്രമാണ് നൽകിയിട്ടുള്ളത് എന്നും അറിയിച്ചിരുന്നു.
ഫയലുകൾ, സ്റ്റോക്ക് രജിസ്റ്റർ ഇവ ശരിയായി സൂക്ഷിക്കാത്തതാണ് അവ്യക്തതയ്ക്ക് കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
സംഭാവനയായി ലഭിക്കുന്ന വിളക്കുകളുടെ വിവരം പ്രത്യേകമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. വിളക്കുകളുടെ വിതരണം സംബന്ധിച്ച വ്യക്തമായ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. കരാറുകാരൻ ചെയ്യുന്ന പ്രവർത്തിയുടെ വിശദമായ വിവരണം, (അറ്റകുറ്റപ്പണിയാണോ, ട്യൂബ്സെറ്റ് ഫിറ്റ്ചെയ്യൽ ആണോ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുന്നതും ഉപയോഗിക്കപ്പെടുന്ന ഇലക്ട്രിക് സാമഗ്രികളുടെ വിവരം ഉൾപ്പെടുന്നതുമായ) സൂചിപ്പിക്കുന്ന സാക്ഷ്യപത്രം ജനപ്രതിനിധികളിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 512725 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 512725 | 0 |
| | | 325800 | പാലിയേറ്റീവ് | 204936 | 120864 |
| | | 200000 | ഇൻസെന്റീവ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 140000 | പാലിന് ഇൻസെന്റീവ് | 140000 | |
| | | 312715 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 312715 | |
| ആകെ | | 1491240 | | | 120864 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 52/17-18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവക്കൽ. | 21700987, തീയതി – 21.10.2017 | 491277 | 596409 | 0 |
| | | 21700963, തീയതി – 27.12.2017 | 100000 | | |
| | | 21701078, തീയതി – 06.03.2018 | 5132 | | |
| കെ.എസ്.ഇ.ബി | 61/17 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവക്കൽ (എസ്.സി) | ലഭ്യമല്ല | 97509 | 97509 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| പൊതുമരാമത്ത് കെട്ടിട വിഭാഗം. | 71/18 വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണി. | 21701115, തീയതി – 27.02.2018 | 240000 | 240000 | 0 |
| പൊതുമരാമത്ത് കെട്ടിട വിഭാഗം. | 74/18 കൃഷി ഭവൻ അറ്റകുറ്റപ്പണി | 21701119, തീയതി – 06.03.2018 | 914369 | 0 | 914369 |
| പൊതുമരാമത്ത് ഇലക്ട്രിക് വിഭാഗം | 73/18 സബ്സെന്റർ ഇലക്ട്രിക്ഫിക്കേഷൻ | 21701022, തീയതി – 27.02.2018 | 52000 | 0 | 52000 |
| നാഷണൽ ഹെൽത്ത് മിഷൻ | പി.എച്ച്.സി അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ | ബിൽ നം. 246/18, തീയതി – 28.03.2018 | 272308 | 0 | 272308 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 34490/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 16-17 | 3-4 | 17440/- (117010102780, തീയതി – 17-11-17) | സാബു, കോൺട്രാക്ടർ |
| 13-14 | 3-4A | 17050/- (117010100044, തീയതി – 1-7-17) | ലത. കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | | 34490 | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

2017-18 വർഷം സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## **4-9.** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63952286 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67054492 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61,128/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1541453/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 33128 | ശ്രീ. പ്രശാന്തൻ, ഫിഷറീസ് ഇൻസ്പെക്ടർ |
| 3-4 (ii) എ | | 6000 | ഡോ. സുലേഖാ റാണി, മെഡിക്കൽ ഓഫീസർ |
| 3-4 (ii) ബി | | 22000 | ഡോ. സുലേഖാ റാണി, മെഡിക്കൽ ഓഫീസർ |
| ആകെ | | 61128/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 188000 | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 (i) | 114776 | ഡോ. സുലേഖാ റാണി, മെഡിക്കൽ ഓഫീസർ |
| 3-11 | 1238677 | ശ്രീ. വി. ജെ. പോൾ, സെക്രട്ടറി |
| ആകെ | 1541453 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രശാന്തൻ<br>ഫിഷറീസ് ഇൻസ്പെക്ടർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്,<br>തൃശ്ശൂർ | കുന്നേൽ ഹൗസ്,<br>പുല്ലംപ്ലാവ്, മാവേലിക്കര. |
| ഡോ. സുലേഖാ റാണി.<br>മെസിക്കൽ ഓഫീസർ<br>പി.എച്ച്.സി. | മെസിക്കൽ ഓഫീസർ (പി.എച്ച്.സി) | അത്തിമുറ്റം,<br>വെളിയനാട്, ചങ്ങനാശ്ശേരി. |
| ശ്രീ. വി. ജെ. പോൾ,<br>സെക്രട്ടറി | സെക്രട്ടറി,<br>പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | വട്ടത്തിൽ, വട്ടയാൽ വാർഡ്,<br>തിരുവമ്പാടി. പി. ഒ, ആലപ്പുഴ |
| ശ്രീമതി. ഷൈന ഹാഷിം,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>യേരൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | കുന്നുവിള, കുരക്കാനി,<br>വർക്കല. പി. ഒ, തിരുവനന്തപുരം. |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2002-2003 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |

| | |
|---|---|
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | എൽ.എഫ്.പി 8 /231/2012, 09.08.2012/ 22.09.2012 |
| 2011-12,2012-13 | എൽ.എഫ്.പി 8/995/2013, 17.02.14/09.04.14 |
| 2013-14 | എൽ.എഫ്.പി8/1509/2014, 21.10.14/06.01.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി8-850/16, 1/8/2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8 40/17, 19/1/17 – 2/2/17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8-1174/17, തീയതി – 19.09.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
..
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(36)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 30.07.2018

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ